# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.610 — 29/01/2019-ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസ് പുന:സ്ഥാപിക്കാൻ നടപടി

| | ചോദ്യം<br><br>**ശ്രീ.ഐ.ബി. സതീഷ്** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| | കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസും ക്യാഷ് കളക്ഷൻ സെന്ററും നിറുത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ; ഓഫീസ് പുന:സ്ഥാപിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | 2011-ൽ മോഡൽ സെക്ഷൻ രൂപീകരണത്തിന്റെ ഭാഗമായി (BO.1187/2010 dtd.11.05.2010) വിളവൂർക്കൽ പഞ്ചായത്തിൽ പേയാട് ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ പൊറ്റയിൽ എന്ന സ്ഥലത്ത് പ്രവർത്തിച്ചിരുന്ന ഓവർസിയർ ഓഫീസ് നിർത്തലാക്കിയിട്ടുണ്ട്.<br><br>പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് പ്രസ്തുത ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ